# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 20**

---

## എം.ജി യിൽ സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എം.എ ഹിസ്റ്ററി കോഴ്സിൽ എസ്.ടി, എസ്.സി വിഭാഗങ്ങളിൽ ഒന്നു വീതവും ഇ.ഡബ്ല്യു.എസ് വിഭാഗത്തിൽ രണ്ടും എം.എ ആന്ത്രോപോളജി കോഴ്സിസിൽ മൂന്നു വിഭാഗങ്ങളിലും ഒന്നുവിതവും സീറ്റുകൾ ഒഴിവുണ്ട്.

താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 24ന് ഉച്ചകഴിഞ്ഞ് രണ്ടിനു മുൻപ് പുല്ലരിക്കുന്നിലെ ഓഫീസിൽ എത്തണം. ഫോൺ: 9995203470

...........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ (ഐ.ഐ.യു.സി.എൻ.എൻ)എം.ടെക് പോളിമർ സയൻസ് ആൻറ് എൻജിനീയറിംഗ് പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ജൂലൈ 26ന് രാവിലെ 10.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ ഐ.ഐ.യു.സി.എൻ.എൻ ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9497812510, 9400552374

...........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി കമ്പ്യൂട്ടർ സയൻസിന് എസ്.സി വിഭാഗത്തിൽ നാലും എസ്.ടി വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്.

സർവകലാശാല അംഗീകരിച്ച ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.സി.എ അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള ബിരുദം ഉള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇന്ന്(ജൂലൈ 21) രാവിലെ 11ന് നേരിട്ട് ഹാജരാകണം. ഫോൺ: 6238297873.

...........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ എം.എസ്.സി അപ്ലൈഡ് ജിയോളജി കോഴ്സിന് പട്ടികജാതി വിഭാഗത്തിൽ രണ്ടു സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ യോഗ്യത, ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 24ന് രാവിലെ 11ന് നേരിട്ട് ഹാജരാകണം. ഫോൺ: 7510741394.

(പി.ആർ.ഒ/39/846/2023)

## ക്വട്ടേഷൻ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പഠന വകുപ്പായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലേക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെയും(എട്ടു മുതൽ 8.45 വരെ) വൈകുന്നേരവും(നാലു മുതൽ 4.45 വരെ) ഓരോ ട്രിപ്പ് വീതം വിദ്യാർഥികളെ കോട്ടയത്തുനിന്നും പരിസരപ്രദേശങ്ങളിൽ നിന്നും എത്തിക്കുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും 20 സീറ്റുള്ള ഒരു വാഹനം ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഡ്രൈവർ സഹിതമുള്ള പ്രതിദിന നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്. കോട്ടയം മുനിസിപ്പാലിറ്റിയിലുള്ളവർക്ക് മുൻഗണന.

ക്വട്ടേഷൻ ഫോറം സർവകലാശാലാ വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ എ.ഡി.ബി 5 സെക്ഷനിൽ നിന്ന് ജൂലൈ 25ന് ഉച്ചയ്ക്ക് ഒന്നു വരെ നേരിട്ട് വാങ്ങുകയോ ചെയ്യാം. 100 രൂപ ആണ് ഫോറത്തിൻറെ വില. ജൂലൈ 25ന് ഉച്ചകഴിഞ്ഞു രണ്ടു വരെ ക്വട്ടേഷൻ സമർപ്പിക്കാം.

(പി.ആർ.ഒ/39/847/2023)

## ടൈം ടേബിൾ

രണ്ടാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം - ജൂലൈ 2023(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ് മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയോടൊപ്പം ബി.എ സംസ്കൃതം ലാംഗ്വേജ് ആൻറ് ലിറ്ററേച്ചർ(ജനറൽ) പ്രോഗ്രമിൻറെ ഏതാനും പേപ്പറുകൾ കൂടി ഉൾപ്പെടുത്തി. പരീക്ഷകൾ ജൂലൈ 25,27, ഓഗസ്റ്റ് ഒന്ന്, മൂന്ന്, ഏഴ്, ഒൻപത് തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/848/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി - മെയ് 2023(പ്രൈവറ്റ് രജിസ്ട്രേഷൻ - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ജൂലൈ 18ലെ മാറ്റി വച്ച വൈവാ വോസി പരീക്ഷ ജൂലൈ 24ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/849/2023)

**<u>പരീക്ഷാ ഫലം</u>**

മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ബിസിനസ് ഇക്കണോമിക്സ്, ഡവലപ്മെൻറ് ഇക്കണോമിക്സ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് മൂന്നു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/850/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**